## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1656 13.7.2011-ൽ മറുപടിയ്ക്ക്

## വന്യമൃഗശല്യം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) വയനാട് ജില്ലയിലെ വനാതിർത്തിയിൽ താമസിക്കുന്ന ആദിവാസി സമൂഹവും മറ്റ് കർഷകരും രൂക്ഷമായ വന്യമൃഗശല്യം കാരണം ദുരിതമനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആന, കാട്ടുപോത്ത് തുടങ്ങിയ മൃഗങ്ങളുടെ ആക്രമണംമൂലം കൃഷികൾ നശിക്കുകയും നിരവധി പേർ കൊല്ലപ്പെടുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള പ്രതിരോധ നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി വയനാട് ജില്ലയിലെ മൂന്നു ഡിവിഷനുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിൽ 200 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങ്, 72 കിലോമീറ്റർ സൗരോർജ്ജ /വൈദ്യുത കമ്പിവേലി, 3.5 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 4 ഇരുമ്പു മുള്ളുഗേറ്റ്, 3 സൗരോർജ്ജ ഗേറ്റ് എന്നിവ നിർമ്മിക്കുകയും 4 എലിഫന്റ് സ്ക്വയറിംഗ് സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആനത്താരകൾ സ്ഥാപിക്കുന്നതിനും വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പു വരുത്തുന്നതിനും വനാതിർത്തികളിൽ ജൈവവേലി നിർമ്മിക്കുന്നതിനും ഉദ്ദേശ്യമുണ്ട്. ആക്രമണകാരികളായ ആനകളെ തിരികെ കാട്ടിലേക്ക് ഓടിക്കാൻ ആവശ്യമായ സജ്ജീകരണങ്ങളോട് കൂടിയ "റാപ്പിഡ് റെസ്പോൺസ് യൂണിറ്റുകൾ" നിലമ്പൂർ, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കാനുള്ള പദ്ധതി സർക്കാരിന്റെ

100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ താമസിക്കുന്നവരെ വനത്തിനുപുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യ പടിയായി 14 സെറ്റിൽമെന്റിലുള്ള 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 80 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, വയനാട് തുടങ്ങിയ ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന 131.5 ഹെക്ടർ പ്രദേശം ആനത്താരയായി ഏറ്റെടുക്കാൻ കേന്ദ്രസർക്കാർ 7.89 കോടി രൂപയുടെ പദ്ധതി അനുവദിക്കുകയും 4.5 കോടി രൂപ ഇതുവരെ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ